

# DIGI MAG

LITTLE KITE
R.M.H.S.S
ALOOR





# എഡിറ്റോറിയൽ

നവസാമൂഹിക മാധ്യമങ്ങൾ കൈയേറിയിരിക്കുന്ന ഈ കാലഘട്ടം യുവതലമുറയെ കാർന്നു തിന്നുകണ്ടിരിക്കുകയാണ്. അധ്യാപകരും വിദ്യാർത്ഥികളുംവയോധികരുമെല്ലാം ഇന്ന് യന്ത്രങ്ങളായി മാറികൊണ്ടിരിക്കുകയാണ്.ഈ സാഹചര്യത്തിൽ നവ സാങ്കേതിക വിദ്യകളുടെ അനന്തസാധ്യതകൾ മുന്നിൽകണ്ടുകൊണ്ട് തൊഴിൽമേഖലക്ക് മുൻതൂക്കം നൽകി പഠനമേഖലകളുടേയും ക്ലാസ്സ്മുറികളുടേയും വിരസതയകറ്റി ഏറ്റവും വിജ്ഞാനപ്രദമായ രീതിയിൽ പൊതു വിദ്യഭ്യാസം ഇവയെ കുട്ടികൾക്ക് ഉപകാരപ്രദമാക്കി മാറ്റിയിരിക്കുന്നു .ഐടി അധിഷ്ഠിതവിദ്യാഭ്യാസത്തിന്റെആവശ്യകതയുംഇന്ന്ഏറിക്കൊണ്ടിരിക്കുക യാണ് . ഏറ്റവും ഉചിതമായ രീതിയിൽ കാലത്തിനനുസരിച്ചും മാറ്റങ്ങൾ ഉൾക്കൊണ്ടും കേരള വിദ്യാഭ്യാസ വകുപ്പും ഐ ടി വകുപ്പും കൈകോർത്ത് കുട്ടികളിലേക്ക് ഐ ടി യുടെ നൂതന മാറ്റങ്ങളും പുതിയ വിദ്യകളും എത്തിക്കുക എന്ന ആശയത്തോടെ ലിറ്റിൽ കൈറ്റ് എന്ന സംഘടനക്ക് രൂപം നൽകി. എല്ലാ വിദ്യാലയങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് എന്ന മുദ്രാവാക്യത്തോടെ ആരംഭിച്ച പദ്ധതിയിൽ വിദ്യാർത്ഥികൾ ഐ ടി മേഖലയിൽ പ്രാവിണ്യം നേടി നല്ല ഒരു ഭാവി കൈവരിക്കട്ടെ എന്നും ആശംസിക്കുന്നു.

എഡിറ്റർ

# സന്ദേശം

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ "DIGIMAG"എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിലുള്ള സന്തോഷം അറിയിക്കുന്നു. ലിറ്റിൽ കൈറ്റിസിന്റെ ആരംഭ വർഷം തന്നെ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ശേഷി കുട്ടികൾ ആർജിച്ചു എന്നത് അറിയുന്നത് ആഭിമാനകരം തന്നെ .ഈ അധ്യയന വർഷം വിദ്യാലയത്തിന് ആർജിക്കാൻ കഴിഞ്ഞ നേട്ടങ്ങളും വിദ്യാർത്ഥികളുടെ കലാ,സാഹിത്യ സൃഷ്ടികൾ പ്രകാശിപ്പിക്കാനും പുതിയ തലമുറക്ക് എന്നെന്നും എടുത്തു നോക്കാൻ തോന്നിക്കുന്ന ഒന്നായി ഈ "ഡിജിമാഗ്" മാറട്ടെ എന്ന് ആശംസിക്കുന്നു.മാഗസിൻ പ്രസിദ്ധീകരണത്തിന് നേതൃത്വം വഹിച്ചവർക്കും പ്രവർത്തനത്തിൽ സജീവ പങ്കാളികളായ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ. വിദ്യാലയത്തിന്റെ 77-ാം വാർഷികദിനത്തിന്റെ ആശംസകൾ എല്ലാവർക്കും നേർന്നുകൊണ്ട്,

സ്നേഹത്തോടെ,
ജൂലിൻ ജോസഫ് കെ
HM& MANAGER
**R M H S S ALOOR**

## താളുകൾ മറിയുമ്പോൾ

സന്ദേശം....................................................................................................................3
ആളൂർ ആർ എം എച്ച് എസ് എസ് ചരിത്രം........................................................................5
ഭൗതികസൗകര്യങ്ങൾ..................................................................................................7
വിവിധ ക്ലബ് പ്രവർത്തനങ്ങൾ.....................................................................................8
സ്കൗട്ട് & ഗൈഡ്സ്.................................................................................................8
ശാസ്ത്രത്തിലെ നാഴികകല്ലുകൾ..............................................................................12
മനോഹരാലയം.......................................................................................................13
A PERFECT EXAMPLE OF GENERATION GAP.............................................14
ഓർമ്മയുടെ നറുമലരുകളിലേക്ക്...........................................................................18
2017-18 അധ്യയന വർഷത്തിലെ കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം.....................................22
പ്രളയം.....................................................................................................................24
ലിറ്റിൽ കൈറ്റസ് പ്രവർത്തന റിപ്പോർട്ട് 2018-19...............................................32

# ആളൂർ ആർ എം എച്ച് എസ് എസ് ചരിത്രം

കേരള സംസ്ഥാനത്തിന്റെ ഏകദേശം മധ്യഭാഗത്തായി തൃശ്ശൂർ ജില്ലയിൽ സ്ഥിതിചെയ്യുന്ന ആളൂർ ഗ്രാമം കുന്നുകളും സമതലപ്രദേശങ്ങളും ചേർന്ന താരതതമ്യേന ജനസാന്ദ്രതയേറിയ ഒരു പ്രദേശമാണ്.
ആളൂർ,താഴേക്കാട്,കല്ലേറ്റുംകര എന്നീ റവന്യൂ വില്ലേജുകൾ ഉൾപ്പെടുന്ന ആളൂർ ഗ്രാമപഞ്ചായത്ത് ഇരിഞ്ഞാലക്കുട നിയമസഭാ മണ്ഡലത്തിലും,തൃശ്ശൂർ ലോകസഭാ മണ്ഡലത്തിലും ഉൾപ്പെടുന്നു.
സമുദ്രനിരപ്പിൽ നിന്നും ഏകദേശം 210 മീറ്റർ ഉയരത്തിൽ 34.39 ച.കി.മീ. വിസ്തൃതിയോടെ ചാലക്കുടി മുനിസിപ്പാലിറ്റിക്കും കൊടകര, മുരിയാട്, വേളൂക്കര, പുത്തൻചിറ, മാള പഞ്ചായത്തുകൾക്കും നടുവിലായി ഈ പ്രദേശം സ്ഥിതിചെയ്യുന്നു. ആലുകൾ ധാരാളമുള്ള പ്രദേശമായതിനാലും, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലയായതിനാലും ഈ പ്രദേശത്തിന് ആലൂർ എന്ന പേര് വന്നു. പിന്നീട് സംസാരഭാഷയിൽ ആളൂർ എന്ന് വിളിച്ചുപോന്നുവെന്നാണ് സ്ഥലനാമ ഗവേഷകരുടെ നിഗമനം. ആളൂർ ജംഗ്ഷനിൽ നിന്നും രണ്ടു കിലോമീറ്റർ തെക്കുഭാഗത്തായി ആളൂർ - മാള റോഡിന് സമീപം തികച്ചും ഗ്രാമാന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന നമ്മുടെ വിദ്യാലയത്തിന്റെ ചരിത്രം ഈ നാടിന്റെ ചരിത്രം തന്നെയാണ്. ആനപ്പറമ്പ് എന്ന പേരിലാണ് ഈ വിദ്യാലയം മുമ്പ് അറിയപ്പെട്ടിരുന്നത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ പകുതി വരെ ബ്രിട്ടീഷ് മേൽക്കോയ്മക്കു കീഴിലായിരുന്ന കൊച്ചി രാജ്യത്തിന്റെ അതിർത്തിയിലായിരുന്നു ആളൂർ പ്രദേശം ഉൾപ്പെട്ടിരുന്നത്. വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായിരുന്ന അക്കാലത്ത് നിലത്താശാന്മാരുടെകീഴിലും, ആളൂർ, കാരൂർ, കല്ലേറ്റുംകര, താഴേക്കാട് പള്ളിവക വിദ്യാലയങ്ങളിലും കുട്ടികൾ ആദ്യാക്ഷരം കുറിച്ചു.ഗതാഗത സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് ഭൂരിപക്ഷം പേരും പ്രാഥമിക വിദ്യാഭ്യാസത്തോടെ പഠനം അവസാനിപ്പിച്ചിരുന്നു. സാമ്പത്തികശേഷിയുള്ളവർ തൃശ്ശൂർ, ഇരിഞ്ഞാലക്കുട, ചാലക്കുടി തുടങ്ങിയ സമീപ പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലാണ് ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയിരുന്നത്. പെൺകുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം പഠനസൗകര്യം ലഭിച്ചിരുന്നില്ല. നാടിന്റെ വികസനത്തിന് വിദ്യാഭ്യാസ സൗകര്യങ്ങൾ

അനിവാര്യമായി മാറിയപ്പോൾഅതിനായി മുന്നിട്ടിറങ്ങിയ പ്രദേശവാസികളുടെ പ്രയത്നഫലമായി രൂപമെടുത്തതാണ് ആളൂർ ആർ.എം.എച്ച്.എസ്.എസ്. എന്ന വിദ്യാലയം.അമ്പഴക്കാട് പുളിയിലക്കുന്നിൽ വിശ്രമജീവിതം നയിച്ചുകൊണ്ടിരുന്ന റവ. ഫാദർ ആന്റണി പുല്ലോക്കാരന് ഈ പരിസരത്ത് ഒരു ഹൈസ്കൂളിന്റെ ആവശ്യകത ബോധ്യപ്പെട്ടിരുന്നു. പ്രദേശവാസിയും കല്ലേറ്റുംകര എൽ.പി. *സ്കൂൾഹെഡ്മാസ്റ്ററുമായിരുന്ന ശ്രീ.അരിക്കാട്ട് ജോൺ മാസ്റ്റർ ഒരേക്കർ സ്ഥലം സൗജന്യമായും,അൻപത് സെന്റ് വെറും നാമമാത്രമായ സംഖ്യക്കും സ്കൂളിനുവേണ്ടി ദാനം നൽകി.*

*റവ. ഫാദർ ആന്റണി പുല്ലോക്കാരൻ, ശ്രീ. എ.ടി.ജോൺമാസ്റ്ററുടെ അഭിലാഷമനുസരിച്ച് വലിയവീട്ടിൽ കുരിയാക്കോസ് മാസ്റ്ററുടെയും പ്രദേശവാസികളായ തെന്നാടൻ വർക്കി, അരിക്കാട്ട് കുഞ്ഞുവറീത് ദേവസ്സി, പുളിക്കൽ ലോന, തെന്നാടൻ ചാക്കോ തുടങ്ങിയ നാട്ടുകാരുടെയും ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് ക്ലാസ്സ് മുറികളും ഓഫീസ്റൂമും നിർമ്മിച്ചു. അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ശ്രീ.ഐ.എം.മേനോന്റെയും, എ.ടി. ജോൺ മാസ്റ്ററുടെയും , ഫാ. ആന്റണി പുല്ലോക്കാരന്റെയും സൗഹൃദം നമ്മുടെ വിദ്യാലയത്തിന് കൊച്ചി ദിവാനിൽ നിന്ന് ഔദ്യോഗിക അനുമതി ലഭിക്കുന്നതിനും,വിദ്യാലയത്തിന് ആവശ്യമായ ഫർണിച്ചർ ലഭിക്കുന്നതിനും കാരണമായി. സൗഹൃദത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനായി ശ്രീ.ഐ.എം.മേനോന്റെ പിതാവും കൊച്ചി രാജാവുമായ രാജർഷിയുടെ നാമധേയം സ്കൂളിന് നൽകുകയും സ്കൂൾ രാജർഷി മെമ്മോറിയൽ ഹൈസ്കൂൾ എന്നറിയപ്പെടുകയും ചെയ്തു.* **1942** *ജൂൺ* **2** *ന് പ്രധാന അധ്യാപകൻ ശ്രീ.ടി.ടി.വറീത് മാസ്റ്റർ, സഹാധ്യാപകരായ ശ്രീ.എ.ജെ.ജോസഫ്, ശ്രീ.എ.സി.റപ്പായി എന്നീ മൂന്ന് അധ്യാപകരും തൊണ്ണൂറ് വിദ്യാർത്ഥികളുമായി വിദ്യാലയം നിലവിൽ ആരംഭിച്ചു.* **4,5,6** *ക്ലാസ്സുകൾ ആയിരുന്നു ആരംഭഘട്ടത്തിൽ ഉണ്ടായിരുന്നതെങ്കിലും ബാലാരിഷ്ടതകൾ പിന്നിട്ട് ഈ വിദ്യാലയം അഭിവൃദ്ധി പ്രാപിച്ചു.* **1948-49** *മാർച്ച് മാസത്തിൽ ആദ്യ എസ്.എസ്.എൽ.എസി. ബാച്ച് മികച്ച റിസൽട്ടോടെ പുറത്തിറങ്ങുകയും,കൊച്ചി-മലബാർ മേഖലയിലെ ഉന്നത വിജയം നേടിയ ഒരു സ്കൂൾ ആയി രാജർഷി ഉയരുകയും ചെയ്തു.*

# ഭൗതികസൗകര്യങ്ങൾ

*മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന്* **5** *കെട്ടിടങ്ങളിലായി* **41** *ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി* **6** *ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്*

# വിവിധ ക്ലബ് പ്രവർത്തനങ്ങൾ

## സ്കൗട്ട് & ഗൈഡ്സ്.

*സ്കൂൾ തലത്തിൽ ഗൈഡ്സ്* 24 *കുട്ടികളും സ്കൗട്ടിൽ*32 *കുട്ടികളും അംഗങ്ങളായിട്ടുണ്ട് .രാജ്പുരസ്കാർ* 30 *പേർ നേടി,*2 *പേർ രാഷ്ട്രപതി പുരസ്കാരവുംനേടി. ലഹരിവിരുദ്ധദിനാചരണ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ*

,

*ആരോഗ്യപരിപാലനം തുടങ്ങിയ പല മേഖലകളിൽകാര്യക്ഷമമായി പ്രവർത്തിക്കുന്നു.*

## •ലിറ്റിൽ കൈറ്റ്സ്

2018-19 *അധ്യയന വർഷത്തിൽ* 25 *വിദ്യാർത്ഥികൾ അംഗത്വം നേടി .എല്ലാ ബുധനാഴ്ചകളിലും ലിറ്റിൽ കൈറ്റ് പരിശീലനം നൽകി വരുന്നു. വിദ്യാർത്ഥികളുടെ ഇടയിൽ കമ്പ്യൂട്ടർ പരിജ്ഞാനം ഉളവാക്കാനും വിദ്യാർത്ഥികളിലെ ആശയങ്ങൾ വികസിപ്പിക്കാനും ഈ ക്ലബ് പ്രവർത്തനം സഹായിക്കുന്നു. ഐ ടി ക്ലബിന്റെ നേതൃത്വത്തിൽ മലയാളം ടൈപ്പിങ്ങ്, ഡിജിറ്റൽ പൂക്കളം ,വെബ് പേജ് ഡിസൈനിങ്ങ് , ഐടി ക്വിസ്, ഡിജിറ്റൽ പെയിന്റിങ്ങ്,മൽട്ടി മീഡിയ പ്രെസന്റേഷൻ എന്നീ മത്സരങ്ങൾ യു പി ഹൈസ്കൂൾ വിഭാഗങ്ങളിലായി എല്ലാ വർഷവും നടത്തി വരുന്നു. കഴിഞ്ഞ രണ്ട് അധ്യയന വർഷങ്ങളിൽ ഉപജില്ലാ തലത്തിൽ ഐടി മേളയിൽ ഈ വിദ്യാലയം രണ്ടാം സ്ഥാനവും , ഐടി ക്വിസിന് ഒന്നാം സ്ഥാനവും നിലനിർത്തികൊണ്ട് മുന്നേറുന്നു.*

*വിദ്യാർത്ഥികൾക്ക് ഐ ടി പഠനത്തിനായി യു പി ,ഹൈസ്കൂൾ ലാബുകളും സജ്ജനാക്കിയിട്ടുണ്ട്. സ്കൂളിലെ ഹൈടെക്ക് ക്ലാസ്സ് മുറികളുടെ പരിപാലനം ഉറപ്പ് വരുത്തുന്നതിനായി ലിറ്റിൽ കൈറ്റ് സ്ക്വാട് രൂപീകരിച്ച് എല്ലാ ദിവസവും ക്ലാസ്സ് മുറികൾ സന്ദർശിച്ച് വേണ്ട*

*നിർദ്ദേശങ്ങളും സഹായങ്ങളും നൽകി വരുന്നു. എല്ലാ വർഷവും കമ്പ്യൂട്ടർഡ്‌വെയർ പ്രദർശനവും നടത്തി വരുന്നു.*

- **നന്മ**
- **ക്ലാസ് മാഗസിൻ.**
- **വിദ്യാരംഗം കലാ സാഹിത്യ വേദി.**
- **നല്ലപാഠം**
- **സീഡ്**
- **ഹെൽത്ത് ക്ലബ്**

2018-19 *അധ്യയന വർഷത്തിൽ ഹെൽത്ത് ക്ലബിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് റാലിയും ക്ലാസ്സും കുട്ടികൾക്കായി സംഘടിപ്പിച്ചു. തുടർന്ന് എല്ലാ ആഴ്ചയിലും കുട്ടികൾക്ക് അയേൺ ഗുളിക വിതരണം നടത്തിവരുന്നു*

- **സയൻസ് ക്ലബ്**

*സയൻസ് ക്ലബിന്റെ അംഗങ്ങളുടെ ഒരു യോഗം സയൻസ് ലാബിൽ കൂടുകയുണ്ടായി. ഈ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്തു. വേണ്ടതായ നിർദ്ദേശങ്ങൾ നൽകി. യു.പി, എച്ച്.എസ് വിഭാഗത്തിൽ നിന്ന് കൺവീനർ, ജോയിന്റ് കൺവീനർ എന്നിവരെ തിരഞ്ഞെടുത്തു.*

- *ജൂലൈ* 4-*ന് മേരി ക്യൂറി അനുസ്മരണ ദിനത്തോടനുബന്ധിച്ച് ഒരു ക്വിസും ജൂലൈ* 21-*ന് ചാന്ദ്രദിനത്തോടനുബന്ധിച്ച് പോസ്റ്റർ മത്സരം നടത്തുവാൻ തീരുമാനിച്ചു.*

- **ജൂനിയർ റെഡ്ക്രോസ്**

*ജൂനിയർ റെഡ്ക്രോസ് ക്ലബിൽ* 25 *വിദ്യാർത്ഥികൾ വീതം എല്ലാവർഷവും അംഗത്വം നേടി വരുന്നു. സ്കൂൾ ശുചിത്വ പൂർണ്ണമാക്കുന്നതിനും കുട്ടികളിലെ അച്ചടക്ക നിരീക്ഷണവും സ്ഥിരമായി നടത്തി വരുന്നു.*

- **സോഷ്യൽ സയൻസ് ക്ലബ്**

2018-19 അധ്യയന വർഷത്തെ സോഷ്യൽ സയൻസ് ക്ലബിന്റെ ഔപചാരിക ഉദ്ഘാടനം 14-ാം തിയ്യതി വ്യാഴാഴ്ച നടത്തുകയുണ്ടായി. ഹെഡ്മിസ്ട്രസ് ജൂലിൻ ജോസഫ് കെ അധ്യക്ഷത വഹിച്ചു. ഏകദേശം അറുപതോളം വിദ്യാർത്ഥിവിദ്യാർത്ഥിനികൾ പങ്കെടുത്തു. പ്രസ്തുത മീറ്റിങ്ങിൽ

സോഷ്യൽ സയൻസ് കൺവീനറായി ലാൽ പി ലൂയിസിനെ തിരഞ്ഞെടുത്തു.

1. ജൂൺ 5 പരിസ്ഥിതി ദിനം സമുചിതമായി ആഘോഷിച്ചു. വൃക്ഷത്തൈകൾ വിതരണം ചെയ്തു.

2. ജൂലൈ 11 ലോക ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് 'ജനസംഖ്യാ വർദ്ധനവ് ലോകത്തിന് ഭീഷണിയാകുമോ' എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തി.

3. ഓഗസ്റ്റ് 6 ഹിരോഷിമാ ദിനത്തോടനുബന്ധിച്ച് 'യുദ്ധം മാനവരാശിക്ക് വിപത്ത്' എന്ന വിഷയത്തെക്കുറിച്ച് ഒരു ചാർട്ട് നിർമ്മാണ മത്സരം നടത്തി.

# പ്രകൃതിയുടെ നന്മകളിലേക്ക്






# ശാസ്ത്രത്തിലെ നാഴികകല്ലുകൾ

## സ്റ്റീഫൻ ഹോക്കിങ്

*പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച് നൂതനമായ അന്വേഷണങ്ങള് നടത്തിയ ഹോക്കിങ് മോട്ടോര് ന്യൂറോണ് എന്ന ഗുരുതരരോഗം ബാധിച്ച്, ശരീരം തളര്ന്ന് ജീവിതം പൂര്ണമായും വീല്ചെയറിലേക്ക് ഒതുക്കപ്പെട്ട പ്രതിഭയാണ് . സംസാരശേഷി നഷ്ടപ്പെട്ട്, ആംഗ്യഭാഷയ്ക്കുപോലും പറ്റാത്ത നിസ്സഹായാവസ്ഥയിലാണെങ്കിലും രോഗത്തിനു കീഴടങ്ങി ഒതുങ്ങിക്കൂടാന് അദ്ദേഹം തയാറായില്ല. പ്രവര്ത്തനക്ഷമമായ ഒരേയൊരവയവമായ വലതുകൈയിലെ ചൂണ്ടുവിരലുപയോഗിച്ച്, കംപ്യൂട്ടറില് തെളിയുന്ന അക്ഷരങ്ങള് പെറുക്കിയെടുത്ത് ഹോക്കിങ് മഹത്തായ ആശയങ്ങള് ലോകത്തിനു സമ്മാനിച്ചു. പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചും തമോഗര്ത്തങ്ങളെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങള് ഐന്സ്റ്റീനു ശേഷമുണ്ടായ ഏറ്റവും മഹത്തായ കണ്ടെത്തലുകളായി കണക്കാക്കപ്പെടുന്നു.*

## ഐസക് ന്യൂട്ടൺ

*ജനനം* : **1642** *മരണം* : **1727**

*ബ്രിട്ടീഷ് ഭൗതിക , ഗണിത ശാസ്ത്രജ്ഞന്. ഗുരുത്വാകര്ഷണ നിയമത്തിന്റെ പിതാവ്. ചലനനിയമത്തിന്റെ ഉപജ്ഞാതാവ്. ഫിലൊസോഫിയ നാചുറാലിസ് പ്രിന്സിപ്പിയാ മാത്തമാറ്റിക്കാ എന്ന ഗ്രന്ഥം* **1687** *ല് ന്യൂട്ടണ് പ്രസിദ്ധീകരിച്ചു.*

നിലീന എഫ് ബോർജിയ

IX A

# മനോഹരാലയം

*മനോഹരമാണ് എന്റെ വിദ്യാലയം*

*മനതാരില് സന്തോഷം അരുളുന്നൊരാലയം*

*സങ്കടത്തിന് അതിരുകള് ഇല്ലാത്തൊരാലയം*

*എന്നുമെന് സങ്കേതമായുള്ളൊരാലയം*

*മരവും ചെടിയും തളിര്ത്തൊരു ആലയം*

*മനമുരുകി കേഴുമ്പോള് ആശ്വാസമാലയം*

*എന്നുടെ നീറും സാഹചര്യങ്ങളില്*

*എന്റെ കൈപിടിച്ചുയര്ത്തിയൊരാലയം*

*അമ്മ എന്നാദ്യാക്ഷരം പഠിപ്പിച്ചൊരാലയം*

*എന്നിലാദ്യമായ് വിദ്യപകര്ന്നൊരു ആലയം*

*ഗുരുശിക്ഷണത്തില് എന്നെ വളര്ത്തിയ*

*മനോഹര ആശയമാണെന്റെ വിദ്യാലയം*

**അലോഷ്യസ് കെ എ**

**IX D**

# A PERFECT EXAMPLE OF GENERATION GAP

ഞാൻ കഴിഞ്ഞ ദിവസം ഒരു ചിത്രം കാണുവാനിടയായി തലമുറയിൽ വന്നിരിക്കുന്ന ഈ മാറ്റം വളരെ മോശമായ രീതിയിലുള്ള ഒരവസ്ഥയല്ലേ കാണിക്കുന്നത്. മുമ്പെല്ലാം പരസ്പരം സ്നേഹിക്കുവാനും വിശേഷങ്ങൾ പങ്കു വയ്ക്കുവാനും വളരെഉത്സാഹമായിരുന്നു . ഇന്ന് എല്ലാവരും വാട്സ്ആപ്പ് , ഫെയ്സ്ബുക്ക് മുതലായ സാമൂഹിക മാധ്യമങ്ങളില് നിരന്തരം മുഴുകിയിരിക്കുന്ന പ്രവണതയാണ് . ചുറ്റുമുള്ളവരെ സ്നേഹിക്കാനും കാര്യങ്ങൾ അറിയുവാനും പരസ്പരം വിശേഷങ്ങൾ പങ്കു വയ്ക്കുകയാണ് ഒന്നും താൽപര്യമില്ല. തീർച്ചയായും ഇത്തരം നവമാധ്യമങ്ങൾ അറിവുകൾ പങ്കു വെക്കുന്നത് നല്ലതാണ്. ഇല്ലെന്നു പറയുന്നില്ല. എന്നാല് വളരെയധികം സമയം ഇതില് വ്യാപൃതരാകുമ്പോൾ നമ്മിലുള്ള ക്രിയാത്മകമായ കഴിവുകൾ നശിക്കുകയും യാതൊരു ഉത്തരവാദിത്വവും പരസ്പരസ്നേഹം , ബഹുമാനം എന്നിവ ഇല്ലാതെ വരികയും ചെയ്യുന്നു . അതിനാൽ സുഹൃത്തുക്കളേ, നമ്മളെല്ലാവരും ഇത്തരത്തിലുള്ള നവ മാധ്യമങ്ങളുടെ ഉപയോഗം ആവശ്യത്തിന് മാത്രമായി ചുരുക്കുക. ധാരാളം വായിക്കുക. ഓരോരുത്തരുടെയും കഴിവുകൾ ഉപയോഗപ്പെടുത്തുക. പരസ്പരം സ്നേഹവും ബഹുമാനവും നിലനിർത്തുക.

**ലക്സി കെ എ**

**എച്ച് എസ് എ മലയാളം**

# സ്വപ്നം

ഇന്നലെ കണ്ടൊരു സ്വപ്നത്തില്
ഞാനൊരു മാലാഖയായിരുന്നു.
ഇത്രമേല് കൊതിപ്പിയ്ക്കും സ്വപ്നം
ഇതുവരെ കണ്ടതില്ല ഞാന്
എനിക്കൊരു മാലാഖയാവാന് കഴിഞ്ഞെങ്കില്
എന്നു ഞാന് വെറുതെ മോഹിച്ചു .
കരയുന്ന പൈതലിന് സ്വാന്തനമാകുവാന്
വിശക്കും കുഞ്ഞുങ്ങള്ക്കാഹാരമേകുവാന്
ചൂഷകരില്നിന്നും അബലരെ കാക്കുവാന്
എങ്ങും പറന്നെത്തുവാന് കഴിഞ്ഞെങ്കില് ...
അങ്ങനെ ഞാനൊരു മാലാഖയായീടില്
ചൂഷകര് ആരെ ചൂഷണം ചെയ്തീടും?
ഇല്ല, കഴിയില്ല; ഞാനറിയാതൊന്നും
ശാന്തിയും സമാധാനവും നിറയ്ക്കാന്
അബലര്ക്ക ബലമേകാന്
ഞാന് പറന്നെത്തുകില്
പീഡനമെങ്ങനെ സാദ്ധ്യം?
ഇല്ല, സാദ്ധ്യമല്ല.
ഈ മണ്ണില് നന്മയെ കാണുവാന്
മര്ത്യര്ക്ക് ഉള്ക്കണ്ണില് കാഴ്ചയെ
നല്കീടും ഞാന്
ഇന്നെനിക്ക കാണാം മനുഷ്യമനസ്സിന്
ഇരുള്പരത്തും ചിന്തയും ശക്തിയും
എന്നാല് എനിക്കേകാം
മര്ത്യമനസ്സില് നിറയെ
വെളിച്ചം പകരും ശകതിയെ

നിലീന എഫ് ബോർജിയ
IX A

# പുഞ്ചിരിക്കാൻ മറക്കരുതേ

"പുഞ്ചിരി എന്ന ആയുധം ഇപ്പോഴും ധരിച്ചുകൊള്ളുക .അത് നിന്റെ ശത്രുവിനെ പോലും കീഴടക്കും" പ്രസിദ്ധനായ ഒരു ഗ്രന്ഥകാരൻ വാക്കുകളാണിവ .പ്രകൃതിക്ഷോഭംമൂലം വീടും നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ ,ആദിവാസികൾ എന്നിവരെ നേരിൽ കണ്ടു കേരളത്തിലുടനീളം പര്യടനം നടത്തി .സങ്കടങ്ങൾ പറയാൻ ഓടിയെത്തിയവരുടെ അരികിലേക്ക് പുഞ്ചിരിയുടെ നറുമലർ പുലർത്തിക്കൊണ്ട് അദ്ദേഹം അടുത്തുചെന്നു .എങ്കിലും ഇരുകൂട്ടർക്കും ആശയവിനിമയം ചെയ്യാനുള്ള ഭാഷ വശമില്ലായിരുന്നു .എന്നാൽ പ്രധാനമന്ത്രിക്കും അദ്ദേഹത്തെ കാണാൻ എത്തിയവർക്കും മനസ്സിലാകുന്ന ഒരു ഭാഷയുണ്ടായിരുന്നു. പുഞ്ചിരിയുടെ ഭാഷ. അതേപുഞ്ചിരിയുടെ ഭാഷ സർവ്വജനീനമാണല്ലോ.മന്ദഹസിക്കു അപ്പോൾ ലോകം നിങ്ങളോടൊപ്പം മന്ദഹസിക്കും. ലോകം നിങ്ങളെ നോക്കി ചിരിക്കുമ്പോൾ പൊട്ടിച്ചിരിക്കു. ചാൾസ് എസ് ഡിസൂസ എന്ന് ഗ്രന്ഥകാരൻ പറയുന്നു. നമ്മിലുള്ള പ്രകാശം ആയാലും ഇരുട്ടിയാലും മറ്റുള്ളവരുടെ മേൽ നാമറിയാതെ സ്വാധീനം ചെലുത്തും. നമ്മിലുള്ള വെളിച്ചം മറ്റുള്ളവർക്ക് വഴി കാണിച്ചു കൊടുക്കുന്നതുപോലെ തന്നെ നമ്മിലുള്ള ഇരുട്ട് മറ്റുള്ളവരെ വഴിതെറ്റിക്കുകയും ചെയ്യും. മാതാപിതാക്കളും ,ഗുരുജനങ്ങളും ഈ വസ്തുത മനസ്സിലാക്കിയിരുന്നുവെങ്കിൽ പുതിയ തലമുറക്കാർ അസ്വസ്ഥരും തെറ്റായ വഴിൽ കൂടി സഞ്ചരിക്കുന്നവരുമായി വരുന്നതിനെക്കുറിച്ച് പരാതിപ്പെടേണ്ട വരില്ല .നമ്മുടെ പുഞ്ചിരിയും അനുകമ്പയും സ്നേഹം നിറഞ്ഞ വാക്കുകളും മറ്റുള്ളവരുടെ നേർക്ക് നീട്ടുന്ന സഹായ ഹസ്തങ്ങളുമെല്ലാം നമ്മുടെ വെളിച്ചം പുറത്തേക്ക് വിടാനുള്ള

ജാലകങ്ങളാണ്. സ്വാർത്ഥതയുടെ കട്ടിയുള്ള കർട്ടൻ വെളിച്ചത്തെ മറച്ചു

പിടിച്ചേക്കാം ജീവിച്ചിരിക്കുമ്പോൾതന്നെ മറ്റൊരു ജന്മം എടുക്കുന്നതിന്
നിദാനമായ വെളിച്ചം നമ്മിലേക്ക് കടന്നുവരാൻ നമ്മുടെ ആയുസിന്റെ
ഓരോ നിമിഷവും പുഞ്ചിരിയോടെ നേരിടാം.ചിരി ദൈവദത്തമായ ഒരു
ഔഷധമാണ്. പ്രാണവായു മനുഷ്യശരീരത്തിന് നവജീവൻ പകരുന്ന
ഒരുപോലെ ചിരിയും നവോന്മേഷം ഉളവാക്കുകയും ദുർബലമായിത്തീർന്ന
മനോവീര്യം വീണ്ടെടുക്കുകയും ചെയ് യട്ടെ
ചിരിക്കൂ...ചിരിക്കൂ...ചിരിക്കൂ...

ലൗലി തോമാസ്

എച്ച് എസ് എ ഇംഗ്ലീഷ്

# ഓർമ്മയുടെ നറുമലരുകളിലേക്ക്























ഹലോ ഇംഗ്ലീഷ് പ്രവർത്തനം



പ്രിയപ്പെട്ട ജൂലിൻ ടീച്ചർക്ക് പിറന്നാൾ ആശംസകൾ

# പ്രളയത്തിൽ ഒരു കൈത്താങ്ങ്












# 2017-18 അധ്യയന വർഷത്തിലെ കുട്ടിക്കൂട്ടം വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം





# ഹാർഡ് വെയർ എക്സിബിഷൻ 2017-18









# പ്രളയം

നിനച്ചിരിക്കാതൊരുനാൾ വന്നു

സർവ്വവും കവർന്നു

നശിച്ചു,മൃതമായ്...

നഷ്ടങ്ങൾ,......

സംഹാരരുദ്രയായ്അവൾ...

ഇനി വരരുതെന്ന് ഞാൻ ആശിക്കുന്നവൾ

ഒരിക്കൽ കവർന്നെടുത്തു ഞാൻ നിന്റെ ചേതനകൾ

പ്രകൃതിലാവണ്യങ്ങൾ

പെട്ടെന്ന് കയറി വന്ന്

കലികയറി ചോദിച്ചാൽ


തിരിച്ചു തരാനാവില്ലൊന്നും

നഷ്ടപ്പെട്ടു പോയെല്ലാം

തിരികെ കിട്ടാനാകാതെ....

**ആതിര വി യു**


**IX B**



## ഹാർഡ്‌വെയർ എക്സിബിഷൻ 2018-19









***2018-19 അധ്യയന വർഷത്തിലെ ഞങ്ങളുടെ പ്രിയപ്പെട്ട ലിറ്റിൽ കൈറ്റ്സിനൊപ്പം***

# കമ്പ്യൂട്ടർ സാക്ഷരതാദിന

# അസംബ്ലിയിൽ നിന്നും







SCHOOL HEALTH PROGRAMME

## 2018-19 അധ്യയന വർഷത്തിലെ എസ് എസ് എൽ വിദ്യാർത്ഥികൾ കമ്പ്യൂട്ടർ ലാബിൽ പരിശീലനത്തിൽ










Q W E R T Y U I O P
CAPS A S D F G H J K L ; " RETURN
SHIFT Z X C V B N M , . / SHIFT
SPACE BAR
A S D F
J K L ;
ഇംഗ്ലീഷ് കീബോർഡ് ലേഔട്ട്

# ലിറ്റിൽ കൈറ്റസ് പ്രവർത്തന റിപ്പോർട്ട് 2018-19

*കുട്ടിക്കൂട്ടം എന്ന പേരിൽ ആരംഭിച്ച ഐടി കൂട്ടായ്മ 2017-18 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ പുതിയ പദ്ധതിക്ക് രൂപം നൽകി. മറ്റു സംഘടനകളിൽ നിന്ന് വ്യത്യസ്തമായി ജനവരി മാസത്തിൽ അഭിരുചി പരീക്ഷയിലൂടെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളിൽ  നിന്നും 20% കുട്ടികളെ മാത്രമാണ് ഈ സംഘടനയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. KITE (Kerala Infrastructure And Technology For Education)എന്ന പദ്ധതി മൂലം നമ്മുടെ വിദ്യാലയത്തിലേക്ക് DSLR ക്യമറ,ടി.വി, Hi-Tech ക്ലാസ്സുകളിലേക്ക് ആവശ്യമായ projecter, laptop, speaker, webcam തുടങ്ങി നിരവധി  Hi-Tech ഉപകരണങ്ങൾ 2017-19 കാലയളവിൽ ലഭിച്ചു. ഉപജില്ലാ ക്യാമ്പുകളുടെ കേന്ദ്രമായി ഞങ്ങളുടെ സ്കൂൾ പ്രവർത്തിച്ചു. എല്ലാ മാസങ്ങളിലും ഓരോ ക്യാമ്പ് വീതം നടത്തി വരുന്നു. ഐടി മേഘലയിലെ വിദഗ്ത്തരാണ് ഈ ക്യാമ്പുകൾക്ക് നേതൃത്ത്വം നൽകുന്നത്. 09/06/18-ന് ആദ്യത്തെ ഏകദിന ക്യമ്പ് ഷൈജു മാഷിന്റെയും ലക്ഷ്മി ടീച്ചറുടെയും നേതൃത്ത്വത്തിൽ  Hi-Tech പരിപാലനത്തെക്കുറിച്ച് പരിശീലനം നൽകി. ആൻസൻ മാഷിന്റെയും,ലക്ഷ്മി ടീച്ചറുടേയും നേതൃത്വത്തിൽ ഒരു ദ്വിദിന ക്യാമ്പ് ആനിമേഷൻ, പ്രോഗ്രാമിങ്ങ് എന്നീ മേഖലകളായി വിവിധ സ്കൂളുകളിൽ നിന്ന് തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കായി നടത്തുകയുണ്ടായി.*

*28,29/12/2018 ദിവസങ്ങളിലായി വിനോദ് മാഷിന്റെയും അലീറ്റ ടീച്ചറുടേയും നേതൃത്വത്തിൽ വാർത്ത നിർമ്മാണത്തെക്കുറിച്ച് നടത്തുകയുണ്ടായി.ഈ ക്യാമ്പിലൂടെ ഡി എസ് എൽ ആർ ക്യാമറയെക്കുറിച്ചും, എങ്ങനെ നല്ല രീതിയിൽ വാർത്തകൾ തയ്യാറാക്കണമെന്നും പരിശീലനം ലഭിച്ചു.*

*സെപ്റ്റംബർ15 സ്വതന്ത്രസോഫ്റ്റ്വെയർദിനത്തോടനുബന്ധിച്ചും ഡിസംബർ 2 ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രത്യേക അസംബ്ലി സംഘടിപ്പിക്കുകയുണ്ടായി. സ്കൂളിലെ തിരഞ്ഞെടുക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായി എല്ലാ ബുധാഴ്ചകളിലും പ്രത്യേക പരിശീലനം നൽകി വരുന്നു. സ്കൂളിൽ നടക്കുന്ന എല്ലാ അക്കാദമിക പ്രവർത്തനങ്ങളുമ മറ്റു പ്രവർത്തനങ്ങളും ,സ്കൂൾ അസംബ്ലിയും ലിററിൽ കൈറ്റ്സ് ഡോക്യുമെന്റ് ചെയ്ത് സൂക്ഷിച്ചു പോരുന്നു.*

*ലിറ്റിൽ കൈറ്റ്സ് ഹായ് കുട്ടിക്കൂട്ടം അംഗങ്ങളുടെ സഹകരണത്തോടെ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ഒരു ഷോർട്ട് ഫിലിം നിർമ്മിച്ച് അവസാന മിനുക്കുപമിയിലേർപ്പെട്ടിരിക്കുകയാണ്.*

*DIGITEC LITERACY TRAINING AND IT EDUCAION CENTRE-ന്റെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി computer awarness*

ക്ലാസ്സും LED bulb നിർമ്മാണത്തെക്കുറിച്ചും പരിശിലനവും നൽകി. kite mistress മാരായ ബെറ്റി ടീച്ചർ,ലക്സി ടീച്ചർ,അലീറ്റ ടീറ്റർ എന്നിവരുടെ നേതൃത്ത്വത്തിൽ 14/01/19 തിങ്കളാഴ്ച്ച ലിറ്റിൽ കൈറ്റ്സ്-ഉം,hi-kuttikootam അംഗങ്ങളുടെ നേതൃത്ത്വത്തിൽ സ്കൂളിൽ ഒരു Exhibition നടത്തി കമ്പ്യൂട്ടറിന്റെ വിവിധ ഭാഗങ്ങളെക്കുറിച്ച് Kites അംഗങ്ങൾ വിശദീകരിച്ച് നൽകി.

Little kites Hi-kuttikootam പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളിലേക്ക് നവസാമൂഹികമാധ്യമങ്ങളെക്കുറിച്ചും പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ചും cyber നിയമങ്ങളെക്കുറിച്ചും അറിവ് ലഭിക്കുവാൻ സഹായിക്കുന്നു.

വിദ്യാഭ്യാസത്തിനു ശേഷം പുതിയ ജോലി സാധ്യതയിലേക്ക് തിരിയുവാൻ സാധിക്കുന്നു.

സ്നേഹത്തോടെ

ലിറ്റിൽ കൈറ്റ്സ്

ആർ എം എച്ച് എസ് എസ് ആളൂർ യൂണിറ്റ്